തൊഴിൽ നൈപുണ്യ വികസന പദ്ധതി

30 (T240) ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തൊഴിലും നൈപുണ്യവും വകപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ-സി) പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി എന്ന ഒരു പദ്ധതി രൂപീകരിച്ചിട്ടില്ല.

(ii)നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വന്ധ്യതാ ചികിത്സാ കേന്ദ്രങ്ങൾ

1(2469) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്ധ്യതാ ചികിത്സ സാധാരണക്കാരന് ലഭ്യമാക്കുന്നതിനായി എസ്. എ. റ്റി. ആശുപത്രിയുടെ മാതൃകയിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജനനി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 2015-16 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവെച്ചതെന്നറിയിക്കുമോ ;

(ബി) പ്രസ്തുത തുകയിൽ നിന്നും ഇതുവരെ എത്ര രൂപ വിനിയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വന്ധ്യതാ ചികിത്സ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് എസ്.എ.റ്റി. ആശുപത്രിയുടെ മാതൃകയിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ജനനി കേന്ദ്രങ്ങൾ ആരംഭിക്കുവാൻ 2015-16 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം തുക അനുവദിക്കുന്നതിനായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

പുതിയ മെഡിക്കൽ കോളേജുകളിലെ പുതിയ തസ്തികകൾ

2(2470) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ പുതിയതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

കേരളത്തിൽ പുതിയതായി ആരംഭിച്ച് പ്രവർത്തനം തുടങ്ങിയതും/ തുടങ്ങാനിരിക്കുന്നതുമായ മെഡിക്കൽ കോളേജുകൾക്കായി സൃഷ്ടിച്ച തസ്തികകളും സർക്കാർ ഏറ്റെടുത്ത എറണാകുളം സഹകരണ മെഡിക്കൽ കോളേജിനുവേണ്ടി സൃഷ്ടിച്ച തസ്തികകളും ഇനം തിരിച്ച് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

താലൂക്കുതല ആശുപത്രികൾ

3(2471) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അനുവദിച്ച എല്ലാ താലൂക്കുകളിലും താലൂക്ക് ആശുപത്രി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ താലൂക്കുകളിൽ അനുവദിച്ചിട്ടുണ്ടെന്നും ഇനി അനുവദിക്കാനുള്ളത് ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇനിയും താലൂക്ക് ആശുപത്രി അനുവദിക്കാനുള്ള താലൂക്കുകളിൽ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതിയും എപ്പോൾ നടപടികൾ പൂർത്തിയാകുമെന്നും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly